# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 സെപ്റ്റംബർ - ഒക്ടോബർ



## തിരുന്നാൾ ആശംസകൾ


50th
wedding
anniversary
25/11/2023
Devassy Joseph & BabyJoseph
Uzhunnumkattil,
Best compliments by-
Joby - Lincy, Jibi - Jency
Livin, Johan, Jewel, Juvain, Leen


30th
wedding
anniversary
26-12-1993
Johny & Tressa
Palakathara

# സ്വസ്തി

**2023 സെപ്റ്റംബർ– ഒക്ടോബർ**




രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, അഡ്വ. ജെഫ്രിൻ മാനുവൽ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ബെറ്റ്സി ബിജു, ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)


## അകത്താളുകളിൽ


എഡിറ്റോറിയൽ
ഇടയമൊഴി
*സാംബിയായിലെ എന്റെ മിഷൻ അനുഭവങ്ങൾ*
പടവുകൾ താണ്ടിയ പാഠങ്ങൾ
സ്വർഗ്ഗീയ സത്യങ്ങൾ
ഇടവക വാർത്തകൾ


---


Layout : **L.F. Press, Manjummel.**
Cover Design: **Shalton Correya Poovathumparambil**

## എഡിറ്റോറിയൽ



# നാടിന്റെ മഹോത്സവം

വചനം ധ്യാനിക്കാൻ മാത്രമുള്ളതല്ല ജീവിക്കാൻ വേണ്ടികൂടിയുള്ളതാണ് എന്ന് തെളിയിച്ചത് ക്രിസ്തുവാണ്. വംശ ജാതി, മത ഭേദമില്ലാതെ ഏവരെയും ചേർത്തുപിടിച്ച്, ശബ്ദമുഖരിതമായ തെരുവിലൂടെയായിരുന്നു ആ പദ യാത്രകൾ. പ്രാർത്ഥനാനിരതനാകാൻ ഏകാന്തത തേടുമ്പോഴും അല്പം മാറി യേശുവിനെ കാത്തിരുന്നത് ജനക്കൂട്ടമായിരുന്നു. ആരവങ്ങൾക്കൊപ്പമായിരുന്നു ആ സഞ്ചാരം. ഇതരലോകത്തു നിന്നും മാറി നിന്നുള്ള പ്രവർത്തനം അവിടുത്തേക്ക് അപരിചിതമായിരുന്നു. എന്നാൽ പ്രാർഥനാത്മകതയെന്ന പേരിൽ അപരനിൽ നിന്നും മാറി നിൽക്കാൻ ശീലിക്കുന്നവരായി നമ്മൾ മാറുകയല്ലേ? വചനം വീണ്ടും വ്യാഖ്യാനിക്കാനും സ്വന്തം ഭാഷ്യം നൽകാനുമെല്ലാം സ്വകാര്യപരിശ്രമം തുടരുകയാണ് പലരും. അധിക പ്രസംഗത്തിനിട നൽകാതെ സ്വന്തം ജീവിതം സന്ദേശമാക്കാൻ നമുക്കും കഴിയണം. എന്നാൽ കാരുണ്യത്തിന്റെ ആധാരശിലകളായ വചനങ്ങളെക്കുറിച്ചുള്ള അധികമായ വിചിന്തനങ്ങളും സ്വന്തമായി ചമയ്ക്കുന്ന ഭാഷ്യങ്ങളും ജീവനെടുക്കാൻ വരെ പര്യാപ്തമാകുന്നതും കാണേണ്ടി വരുന്നു. പ്രളയകാലത്തും കോവിഡ് കാലത്തും സന്യസ്തർ മരണത്തെ മുഖാമുഖം കണ്ട് സേവനത്തിലേർപ്പെട്ടിരുന്നു എന്നത് ലോകം അംഗീകരിക്കുന്നു. എന്നാൽ യുവസമൂഹം സജീവമായ വേദികളിൽ അൽമായ പ്രമുഖർക്കും ഭക്തസംഘടനകൾക്കും കാര്യമായ സാന്നിധ്യമറിയിക്കാൻ കഴിയാതെ പോയെന്നത് യാഥാർഥ്യം. ഒളിച്ചോട്ടമല്ല ആത്മീയതയെന്നും, കാണാപ്പാഠങ്ങളിലല്ല കാണുന്ന സത്യങ്ങളിലാണ് ക്രൈസ്തവികത പുലരേണ്ടത് എന്നും മനസ്സിലാക്കേണ്ടതും ഈ സന്ദർഭങ്ങളിലാണ്.

പൊതു സമൂഹവുമായി ഒത്തുനീങ്ങാനുള്ള ഏറ്റവും നല്ല അവസരങ്ങളാണ് പെരുന്നാളുകൾ. മത സാഹോദര്യത്തിന്റെ പാരമ്പര്യവും സ്നേഹവിനിമയത്തിന്റെ പൈതൃകവും ചരിത്രപാഠങ്ങളായി മനസ്സിലാക്കാനുള്ള വേള കൂടിയാണിത്. മണപ്പുറത്തെ ശിവരാത്രി കഴിഞ്ഞാൽ വളയും പൊട്ടും വീട്ടുപകരണങ്ങളും വരെ വാങ്ങാൻ പള്ളിനടയിലെത്തിയിരുന്ന ജനാവലി നൂറ്റാണ്ടുകളായി മനസിലേറ്റിയ മാതാവിന്റെ തിരുനാളാണിത്. നാട്ടുകാരായ ഏവരുടെയും മഹോത്സവമാണെന്ന ബോധ്യത്തോടെ ഈ തിരുനാളിനെയും നമുക്ക് വരവേൽക്കാം.





# ഇടയമൊഴി

സ്നേഹമുള്ളവരെ,

ശബ്ദത്തിന് സ്നേഹത്തിന്റെ ഉപനയനം ലഭിക്കുമ്പോൾ സംഭവിക്കുന്ന അത്ഭുതമാണ് ജീവിതമെന്ന സംഗീതം. ഗായകൻ കടന്നുപോയാലും ഗീതങ്ങൾ നിലനിൽക്കുന്നു. ഒരു ചുണ്ടിൽ നിന്ന് മറ്റൊരു ചുണ്ടിലേക്കും, ഒരു നെഞ്ചിൽ നിന്ന് മറ്റൊരു നെഞ്ചിലേക്കും ഓരോ തിരുനാളും ഒരു സംഗീതവുമാണ്. താളബന്ധവും, ശ്രുതിശുദ്ധവുമായി ഇടവക മുഴുവൻ ഒന്നിക്കുന്ന ഒരു മനോഹര സംഗീതം. മഞ്ഞുമ്മലമ്മയുടെ ഈ വീടിന്റെ ഉമ്മറപ്പടികളിലിരുന്ന് ഇടവക മുഴുവൻ ഒരു മനസ്സോടെ കർത്താവിന് സ്തോത്രമാലപിക്കാൻ ഒരിക്കൽക്കൂടി ഒരുങ്ങുന്നു.

പ്രിയമുള്ളവരേ, ഓരോ ദിനവും ഇനി തിരുനാളുകളാവണം. ഒത്തുചേരലുകളുടെ നന്മനിറഞ്ഞ സമ്പർക്കങ്ങളുടെ പുണ്യങ്ങളുടെയും പങ്കുവയ്ക്കലിന്റെയുമൊക്കെ ശുദ്ധസംഗീതം നിഴലിക്കുന്ന ദിനങ്ങൾ ഒരു കുടുംബമായി നമുക്കിനിയും ദൂരങ്ങൾ താണ്ടാനുണ്ട്.

പ്രാർത്ഥനയിൽ പൊതിഞ്ഞ എന്റെ കരച്ചിലുകൾ അമ്മയുടെ പാദങ്ങളിലർപ്പിക്കണം, നിരാശയുടെയും പരാതികളുടെയും വിഴുപ്പുഭാണ്ഡങ്ങളിറക്കിവച്ച് നന്ദിയുടെ സുഗന്ധവുമായി യാത്ര തുടരണം. മറിയത്തെപ്പോലെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച്, ഹൃദയം ദൈവത്തെ പ്രതിബിംബിപ്പിക്കുന്ന ഒരു നിശ്ചല തടാകമാക്കി മാറ്റണം. അവർ യേശുവുമായി വന്ന് നമ്മുടെ ഉള്ളടരുകൾ ദീപ്തപൂർണമാക്കുന്നതിന്റെ ആഘോഷമാകണം ഈ തിരുനാൾ. ഞാനും അങ്ങനെ വെളിച്ചമായി മാറണം. അതിന് മറിയമാകുന്ന ജ്യോതിസിനെ വിരുന്നുകാരിയായി ക്ഷണിക്കണം. അവൾ കോർത്തിണക്കട്ടെ. അറ്റുപോയ എന്റെ ബന്ധങ്ങൾ ഇരുൾവീണ ജീവിതങ്ങൾ തമസുമാറട്ടെ – മറിയമെന്ന ജ്യോതിസ്സ് എന്നിൽ വിളങ്ങട്ടെ. പിന്നെ അമ്മയുമൊത്ത് ക്രിസ്തുവിനായ് ജ്വലിക്കണം.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.,**
വികാരിയച്ചൻ





## ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...

നമ്മുടെ ഫാത്തിമ മാതാ ദേവാലയത്തിലെ പരിശുദ്ധ അമ്മയുടെയും വി. യൂദാ തദേവൂസിന്റെയും തിരുനാൾ നാം ഭക്തിപൂർവ്വം ആഘോഷിച്ചു. തുടർന്ന്, നമ്മുടെ ദേവാലയത്തിലും ജപമാലയും പിന്നീട് തിരുനാളും ക്രിസ്തുമസ്സും കടന്നുവരുന്നു.

തിരുനാൾ ഒരുക്കധ്യാനം വഴി നമ്മെയും ഇടവകയെയും പൂർണമായി നവീകരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. വികാരിയച്ചന്റെ നിർദ്ദേശ പ്രകാരമുള്ള കുടുംബ പ്രാർത്ഥനയും അതേ തുടർന്നുള്ള കർത്താവിന്റെ സംരക്ഷണം യാചിച്ചിട്ടുള്ള സങ്കീർത്തന പ്രാർത്ഥനയും നടന്നു വരിക യാണല്ലോ.

പരിശുദ്ധ അമ്മയുടെ സ്നേഹം നാം കൂടുതൽ അനുഭവിക്കാനും പങ്കി ടാനും ഈ തിരുനാൾ ദിനങ്ങൾ നമ്മെ സഹായിക്കട്ടെ. തിരുനാൾ ഏറ്റെ ടുത്തു നടത്തുന്ന പ്രസുദേന്തിയേയും കുടുംബത്തെയും സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ ദേവാലയത്തിലേക്കു വിവിധ ദേശത്തുനിന്ന് പ്രാർത്ഥന യ്ക്കായി കടന്നുവരുന്ന എല്ലാവരെയും നാനാജാതി മതസ്ഥരേയും ദൈവ കൃപകളാൽ നിറച്ച് ആത്മീയ ഉണർവേകണമേ എന്ന് നമുക്കു പ്രാർത്ഥിക്കാം. ലോകസമാധാനത്തിനായും പ്രാർത്ഥിക്കാം.

യോഹന്നാൻ 14:27 എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ നിങ്ങൾ ഭയപ്പെടുകയും വേണ്ടാ.

ഏവർക്കും തിരുനാൾ ആശംസകൾ...!

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**

കൊച്ചച്ചൻ





# സാംബിയായിലെ എന്റെ മിഷൻ അനുഭവം

ഫാ. രാജീവ് രാജു ഒ.സി.ഡി.

2021 ഏപ്രിൽ 7-ാം തീയതി മഞ്ഞുമ്മൽ കർമ്മലീത്താ സഭയിൽ തിരുപ്പട്ടം സ്വീകരിച്ചതിനുശേഷം, ഏകദേശം ഒന്നര വർഷത്തോളം ആഫ്രിക്കയിൽ, സാംബിയ എന്ന രാജ്യത്ത് ചമിലാല എന്ന സ്ഥലത്ത് പട്ടിണി പാവങ്ങളുടെ ഇടയിൽ കർത്താവിനെ പ്രഘോഷിക്കാനും കൂദാശകൾ പരികർമം ചെയ്യാനും അവരുടെ ഇടയിൽ അവർക്കുവേണ്ടി ആത്മീയ ശുശ്രൂഷ ചെയ്യാനും എനിക്ക് സാധിച്ചു.

വളരെ ചുരുങ്ങിയ എന്റെ മിഷൻ ജീവിത കാലഘട്ടത്തിൽ എന്നെ ഏറെ സ്പർശിച്ച ഒന്നു രണ്ടു അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒത്തിരി പാവപ്പെട്ട മനുഷ്യരാണ് ചമിലാല എന്ന ഞങ്ങളുടെ ആഫ്രിക്കൻ മിഷൻ സ്ഥലത്ത് ഉള്ളത്. സ്ഥിരമായ വരുമാനവും ജോലിയും ഉള്ളവർ വിരളമാണ്. മൂന്നു നേരത്തെ സുഭിക്ഷമായ ആഹാരം അവർക്ക് ഒരു സ്വപ്നമാണ്. ഒരു നേരം മാത്രമാണ് കഷ്ടിച്ച് നല്ല ഒരു ആഹാരം കഴിക്കാൻ സാധിക്കുന്നത്. ദാരിദ്ര്യവും പട്ടിണിയും മാറാത്ത ഒരു ജനസമൂഹം.

ഒരു ദിവസം ആശ്രമത്തിന്റെ പരിസരത്ത് കുറച്ച് കുട്ടികൾ കളിക്കാൻ വന്നു. അതിൽ ഒരു കുട്ടി മരത്തിലെ ശിഖരത്തിൽ ഒരു കിളിക്കൂട് കണ്ടു. തള്ള പക്ഷി കുഞ്ഞുങ്ങൾക്ക് തീറ്റ നൽകുന്നത് ഈ കുട്ടി കണ്ടു. ഉടനെ അവൻ ഓടിച്ചെന്ന് നീളം കൂടിയ ഒരു വടികൊണ്ട് വന്ന് ആ കിളിക്കൂടും കിളിക്കുഞ്ഞുങ്ങളെയും തല്ലി താഴെ ഇട്ടു. ഓടിക്കൂടിയ അവന്റെ കൂട്ടുകാർ വീണുകിടന്ന കിളിക്കുഞ്ഞുങ്ങൾക്കുവേണ്ടി തല്ലുകൂടി, കിളിക്കുഞ്ഞിനെ കിട്ടിയവർ ഉടനെ തീ കൂട്ടി, അതിനെ ചുട്ടുതിന്നു. പട്ടിണികനക്കുന്ന വേനൽക്കാലത്ത് ഇങ്ങനെയുള്ള കൃത്യങ്ങൾ ചെയ്യാൻ അവർ പ്രേരിതരാകുന്നു എന്നതാണ് വാസ്തവം.

ഞായറാഴ്ചകളിലെ ദിവ്യബലി അർപ്പണം അത് അവിടെ ഉള്ളവർക്ക് ഒരു ആഘോഷമാണ്. കുർബാനയുടെ തുടക്കം മുതൽ ഒടുക്കം വരെ ഉച്ചത്തിൽ പാടി നൃത്തച്ചുവടുകളോടെ അവർ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഹിപ്പോപ്പൊട്ടാമസും, മുതലയും തിങ്ങിപ്പാർക്കുന്ന ലുവാജുവാ നദിയിലൂടെ ഏകദേശം 9 മണിക്കൂർ യാത്ര ചെയ്തു കാച്ചീണ്ടു എന്ന കൊച്ചു ഗ്രാമത്തിൽ എത്തുമ്പോൾ വർഷത്തിൽ രണ്ടോ, മൂന്നോ, തവണ മാത്രം ദിവ്യബലി ലഭിക്കുന്ന ആ ജനങ്ങൾ സ്വർഗീയ സന്തോഷത്തോടെ പുരോഹിതരെ സ്വീകരിക്കുകയും ദിവ്യബലി ഒരു ആഘോഷമാക്കുകയും ചെയ്യുന്നു.

ദൈവം എല്ലാ വിധത്തിലും നമ്മെ അനുഗ്രഹിച്ചു സംരക്ഷിക്കുന്നു. നമ്മുടെ വിശ്വാസജീവിതത്തെ പരിശോധന ചെയ്യാം, മിഷനറിമാരെ സ്നേഹത്തോടെ സ്മരിക്കാം, അവർക്കുവേണ്ടി പ്രാർത്ഥിക്കാം.

# പടവുകൾ താണ്ടിയ പാഠങ്ങൾ



മഞ്ഞുമ്മൽ ജി എ യു പി സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി ഉന്നത പഠനങ്ങളിലൂടെ, ഇന്ത്യൻ ആണവശക്തി വകുപ്പിലെ ശാസ്ത്രജ്ഞ സംഘത്തിൽ അംഗമായ ഇടവകാംഗം **അഗസ്റ്റിൻ കെ.എ.** [Scientific Officer (Rtd.) Department of Atomic Energy] ജീവിത പാഠങ്ങൾ പങ്കുവയ്ക്കുന്നു.

**മുഴുവൻ വിഷയങ്ങളിലും എ പ്ലസ് വാങ്ങിക്കാൻ കഴിയാത്ത അല്ലെങ്കിൽ ഞാൻ അത്ര പോര എന്ന് തോന്നുന്നവർക്കുണ്ടിയാണ് ഈ കുറിപ്പ് എഴുതുന്നത്.**

വിമാനം കണ്ടുപിടിച്ചത് ആരാണെന്ന് ചോദിച്ചാൽ ഉടനെ മറുപടി വരും റൈറ്റ് ബ്രദേഴ്സ്. 1903 റൈറ്റ് ബ്രദേഴ്സ് വിമാനം കണ്ടുപിടിച്ചതിനു ശേഷം ആകാശ സഞ്ചാര രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായി. വളരെ വലിയ യാത്ര വിമാനങ്ങളും യുദ്ധവിമാനങ്ങളും ചരക്ക് വിമാനങ്ങളും അരങ്ങു തകർത്തു. ആകാശ ബഹിരാകാശ രംഗത്ത് റോക്കറ്റുകൾ വലിയ സംഭാവന കൾ നൽകിയിട്ടുണ്ട്. മനുഷ്യനെ അന്യഗ്രഹങ്ങളിൽ എത്തിക്കാനും തിരിച്ചു കൊണ്ടുവരാനും സാധിച്ചു. ശത കോടീശ്വരൻ എലോൺ മസ്കിനെ പോലെ സാങ്കേതിക രംഗത്തെ ബുദ്ധി രാക്ഷസന്മാർ ചൊവ്വ ഗ്രഹത്തിൽ മനുഷ്യനെ എത്തിച്ച് കോളനി സ്ഥാപിക്കാൻ ആയിട്ടുള്ള ഗവേഷണത്തിൽ ഏർപ്പെട്ടി രിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അങ്ങനെയിരിക്കുമ്പോ ഴാണ് ഡ്രോൺ എന്ന നാമധേയത്തിൽ ഒരു അവതാരം. സംഗതി പഴയ ആശയമാണെങ്കിലും ഈ അടുത്ത കാലത്താണ് ഡ്രോൺ ഇത്ര പ്രചാര ത്തിൽ ആയത്. വീഡിയോഗ്രാഫി മുതൽ യുദ്ധ ആവശ്യങ്ങൾക്ക് വരെ ഡ്രോൺ ഉപയോഗിച്ച് വരുന്നു. ഡ്രോൺ ഭൂരിപക്ഷവും ബാറ്ററി ഓപ്പറേ റ്റഡ് ആണ്. സ്റ്റോറേജ് ബാറ്ററി രംഗത്തും ഡിജിറ്റൽ കൺട്രോൾ രംഗത്തും അടുത്തകാലത്ത് ഉണ്ടായ വമ്പിച്ച മുന്നേറ്റങ്ങൾ ആണ് ഡ്രോണിന് ഇത്ര സ്വീകാര്യത ഉണ്ടാക്കിയത്. അൺമാൻഡ് ഏരിയയിൽ വെഹിക്കിൾ എന്നാണ് ഡ്രോണിന്റെ ശാസ്ത്രീയ നാമം.

ആകാശ യാത്രയുടെ ചരിത്രം ഇതാണെങ്കിൽ ജലയാത്രയുടെ ചരിത്രം നമുക്കൊന്ന് പരിശോധിക്കാം. മനുഷ്യൻ യാത്ര ആരംഭിച്ച അന്ന് മുതൽ ജലയാത്രയും ആരംഭിച്ചു എന്ന് കരുതണം. വെള്ളത്തിൽ പൊങ്ങി ക്കിടക്കുന്ന മരത്തടികളിലും കൂട്ടിച്ചേർത്തുണ്ടാക്കിയ ചങ്ങാടങ്ങളിലും ആരം ഭിച്ച യാത്ര ഇന്ന് കൂറ്റൻ ആഡംബര കപ്പലുകളിലും ചരക്ക് കപ്പലുകളിലും യുദ്ധക്കപ്പലുകളിലും അന്തർവാഹിനികളിലേക്കും മാറിക്കഴിഞ്ഞു. അങ്ങ നെയിരിക്കുമ്പോഴാണ് ഹൈഡ്രോഫോയിൽ ബോട്ട് (hydrofoil boat) എന്ന

ഒരു പുതിയ കണ്ടുപിടുത്തം പ്രവേശനം ചെയ്യുന്നത്. തന്റെ സ്വന്തം പ്രൊപ്പല്ലറിൽ ഉയർന്നുപൊങ്ങി ജലം തൊടാതെ യാത്ര ചെയ്യുന്ന സംവിധാനമാണ് ഹൈഡ്രോഫോയിൽ ബോട്ട്. ജലത്തിന്റെ പ്രതിരോധം മറികടക്കാനാണ് ജലവാഹനങ്ങളിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിക്കപ്പെടുന്നത്. hydrofoil boat ജലം തൊടാതെ യാത്ര ചെയ്യുന്നതുകൊണ്ട് ഇന്ധന ലാഭത്തിനു പുറമെ പ്രതലങ്ങളിൽ ഉണ്ടാവുന്ന ഓളങ്ങളും തിരമാലകളും ഒഴുക്കുകളും ഈ ജലവാഹിനി യാത്രയിൽ ബുദ്ധിമുട്ടുണ്ടാക്കുകയില്ല എന്നതാണ് മറ്റൊരു പ്രത്യേകത.

ജലയാത്രകളിൽ ദൂരവ്യാപകമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന ഈ കണ്ടുപിടുത്തം സംപ്രീതി ഭട്ടാചാര്യ എന്ന ഒരു കൽക്കട്ട സ്വദേശിയുടെ ആണ്. ആരാണ് സംപ്രീതി ഭട്ടാചാര്യ തന്റെ പഠനകാലത്ത് ധാരാളം പരാജയങ്ങൾ ഏറ്റുവാങ്ങിയ വ്യക്തി ആണ് സംപ്രീതി. പ്രത്യേകിച്ച് ഫിസിക്സിൽ അവൾ ഒരു പൂർണ പരാജയമായിരുന്നു. ഒരു വീട്ടമ്മ ആകാനുള്ളതിൽ കൂടുതൽ സംപ്രീതിക്ക് ആകില്ല എന്നവരുടെ അധ്യാപകർ വിധിയെഴുതി. എന്നാലും എഞ്ചിനീയറിങ് എടുത്ത് പഠിക്കാൻ അവൾ തീരുമാനിച്ചു. തന്റെ എഞ്ചിനീയറിങ് വിദ്യാഭ്യാസത്തിനുശേഷം എന്ത് ചെയ്യണമെന്ന് അറിയാതെ നിൽക്കുമ്പോൾ അവൾക്ക് തോന്നി ഏതെങ്കിലും വിദഗ്ദരുടെ കീഴിൽ പരിശീലനം നേടണം. എനിക്ക് സാധിക്കാത്തത് എങ്ങനെയെങ്കിലും സാധിച്ചു എടുക്കണം. അവർ തന്നെ അന്വേഷണം തുടങ്ങി. ഏതെങ്കിലും ലോകോത്തര ഗവേഷണ സ്ഥാപനങ്ങളിലോ യൂണിവേഴ്സിറ്റികളിലോ ഒരു ഇന്റേൺഷിപ്പ് (apparentoceship) അതായിരുന്നു അവരുടെ ഉദ്ദേശം. അവർ ഓരോ ലോകോത്തര സ്ഥാപനങ്ങളെ തേടിപ്പിടിച്ച് മെയിലുകൾ അയച്ചു തുടങ്ങി. പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല. 500നു മുകളിൽ സ്ഥാപനങ്ങളെയാണ് അവൾ സമീപിച്ചത്. അവളുടെ 540-ാമത്തെ മെയിലിന് Femilab എന്ന സ്ഥാപനത്തിൽ നിന്ന് ഒരു മറുപടി കിട്ടി. അങ്ങനെ അവർ സ്ഥാപനത്തിൽ ജോയിൻ ചെയ്തു. ചെന്ന് പെട്ടത് ശാസ്ത്രരംഗത്തെ അധികായകരുടെ ഇടയിലേക്ക് ആയിരുന്നു. അത് അവളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. പ്രത്യേകിച്ചും ഫിസിക്സ് എന്ന സബ്ജക്ട് അവളുടെ ഇഷ്ട സബ്ജക്ട് ആയി മാറുകയായിരുന്നു. തുടർന്ന്, നാസ എന്ന സ്ഥാപനത്തിൽ ജോലി ചെയ്യാനും റോബോട്ടിക് ഡിസൈനിൽ ഉന്നത വിദ്യാഭ്യാസം കൈവരിക്കാനും സാധിച്ചു. ബോട്ട്, അന്തർവാഹിനി എന്നിവയുടെ രൂപകൽപ്പനയിൽ തന്റേതായ കഴിവ് പ്രകടിപ്പിച്ച സംപ്രീതി, നേവിയർ എന്ന കമ്പനിയുമായി ചേർന്ന് രൂപകൽപ്പന ചെയ്ത ഒന്നാണ് hydrofoil boat. സമുദ്രത്തിന്റെ ആഴത്തിൽ സഞ്ചരിക്കുന്ന വാട്ടർ ഡ്രോൺ സംപ്രീതിയുടെ മറ്റൊരു സംഭാവനയാണ്.

ജീവിതത്തിൽ വിജയിച്ച എല്ലാവരും ധാരാളം പ്രതിബന്ധങ്ങൾ തരണം ചെയ്തവരാണ്. ജീവിതത്തിൽ വിചാരിച്ചപോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ ഉള്ളിലേക്ക് പിൻവലിയുകയും മയക്കുമരുന്ന്, മദ്യം എന്നിവ

യുടെ അടിമകൾ ആവുകയും ചെയ്യുന്നവർ സംപ്രീതി കൈവരിച്ച നേട്ടങ്ങൾ ഓർമിക്കുകയും സ്വന്തമായി ഒരു പാത വെട്ടിത്തുറക്കാൻ പരിശ്രമിക്കുകയും ചെയ്താൽ ഈ കുറിപ്പിന്റെ ഉദ്ദേശം സഫലമായി. ആപ്പിൾ എന്ന കമ്പനി യുടെ സ്ഥാപകനായ സ്റ്റീവ് ജോബ്സിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഒരു ചോദ്യത്തിന് സംപ്രീതിയുടെ മറുപടി ഈ ലോകം ഇന്നത്തെ നിലയിൽ ഉള്ള നേട്ടങ്ങൾ കൊണ്ടുവന്നത് എന്നെക്കാളും നിങ്ങളെക്കാളും മിടുക്കന്മാരായ ആളുകൾ അല്ല." എല്ലാവർക്കും നല്ല നാളെ ആശംസിച്ചുകൊണ്ട്,

**അഗസ്റ്റിൻ കെ.എ.**

തുടരും...

***ആണവശക്തി വകുപ്പിൽ മുൻ ഉദ്യോഗസ്ഥനും ഭാഭ ആറ്റമിക് റിസർച്ച് സെന്ററിൽ സയന്റിസ്റ്റ്സ് ടീം അംഗവുമായ ലേഖകൻ മഞ്ഞുമ്മൽ ഇടവക ക്രൈസ്റ്റ് ദ കിംഗ് – ബി ഫാമിലി യൂണിറ്റ് അംഗമാണ്.***

## അഭിനന്ദനങ്ങൾ

എം.ജി. യൂണിവേഴ്സിറ്റി ബി എഡ് നാചറൽ സയൻസിൽ മൂന്നാം റാങ്ക് നേടിയ **അഖിത സെബാസ്റ്റ്യന്** (സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ ഫോർ വിമൻ, എറണാകുളം) ഇടവകയുടെ അഭിനന്ദനങ്ങൾ. മേയ യൂണിറ്റ് കാനപ്പിള്ളി വീട്ടിൽ കെ.ജെ.സെബാസ്റ്റ്യന്റേയും ഷൈനിയുടെയും മകളാണ്.



**അഖിത സെബാസ്റ്റ്യൻ**

## അഭിനന്ദനങ്ങൾ

ഇടവക കേന്ദ്രസമിതിയുടെയും സ്വസ്തി മാഗസിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ 25 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ **ജോൺ ഹ്യൂബർട്ട്** ഒന്നാം സ്ഥാനവും, **ബിഗ്ന ജെയ്സൺ** രണ്ടാം സ്ഥാനവും നേടി. രണ്ടു പേർക്കും ഇടവക ജനതയുടെ അഭിനന്ദനങ്ങൾ!. രണ്ട് പേരും സെന്റ് ആന്റണി എ ഫാമിലി യൂണിറ്റ് അംഗമാണ്.



**ജോൺ ഹ്യൂബർട്ട്**
**സെന്റ് ആന്റണി എ**
**ഫാമിലി യൂണിറ്റ്**



**ബിഗ്ന ജെയ്സൺ**
**സെന്റ് ആന്റണി എ**
**ഫാമിലി യൂണിറ്റ്**

# സ്വർഗ്ഗീയ സത്യങ്ങൾ





ഗ്രേസി ലിയോൺസ്
മഠത്തിപ്പറമ്പിൽ

**പ**രിശുദ്ധ കന്യകാമറിയ ത്തിന്റെ "അമലോത്ഭവ ജനനം" സ്വർഗം വെളിപ്പെടുത്തിയതിനെ, വിശ്വാസ സത്യമായി തിരുസഭ പ്രഖ്യാപിച്ചതിന്റെ വലിയ തിരുനാ ളാണ് നാം ആഘോഷിക്കുന്നത്.

നമ്മുടെ കുഞ്ഞുബുദ്ധിക്ക് ഉൾക്കൊള്ളാവുന്ന വിധത്തിൽ 'സ്വർഗീയ സത്യങ്ങളെ പരിശുദ്ധാ ത്മാവ് നമുക്കു വെളിപ്പെടുത്തി തരട്ടെ. ഹൃദയങ്ങളെ പരിശോധിച്ച റിയുന്ന ദൈവം തന്നെ തേടുന്ന വർക്ക് എത്ര ലാളിത്യത്തോടെ യാണ് സ്വർഗീയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത്. ദൈവപുത്ര നായ ഉണ്ണീശോയുടെ ജനനത്തെ ലോകത്തിൽ നിന്നു മറച്ചുവെങ്കിലും ഏറ്റവും താഴെയുള്ള എളിമയുള്ള ആട്ടിടയർക്കും, ജ്ഞാനികളെ ങ്കിലും ദൈവാന്വേഷികളായ രാജാ ക്കന്മാർക്കും സ്വർഗം ആ സത്യം വെളിപ്പെടുത്തിക്കൊടുക്കുകയും അവർ അവിടുത്തെ കണ്ട് ആരാധി ക്കുകയും ചെയ്തു.

ദൈവപിതാവ് തന്റെ പുത്രനു വേണ്ടി ഒരുക്കിയ സക്രാരിയല്ലേ പരിശുദ്ധ കന്യാമറിയം. നമ്മുടെ ദേവാലയങ്ങളിൽ തിരുവോസ്തി രൂപനായ ഈശോയ്ക്കുവേണ്ടി ഒരു ക്കുന്ന സക്രാരി എത്ര മനോഹരവും വിലയേറിയതും പവിത്രവുമാണ്. അങ്ങനെയെങ്കിൽ സ്വർഗീയ പിതാവ് തന്റെ പുത്രനുവേണ്ടി ഒരുക്കിയ ജീവനുള്ള സക്രാരിയായ പരിശുദ്ധ കന്യാമാതാവിന്റെ മഹത്വത്തെ നമുക്കെങ്ങിനെ അളക്കാനാകും!

അമലോത്ഭവയായ ഈ അമ്മ യുടെ തിരുനാൾ നമ്മുടെ നാടിന്റെ – ദേശത്തിന്റെ – ഉത്സവമാക്കി മാറ്റാൻ അനുഗ്രഹം ലഭിച്ച നമ്മൾ എത്രയോ ഭാഗ്യവാന്മാരാണ്. നന്ദി പറയാം ദൈവത്തിന്. പ്രഭാ. 3/4-ൽ പറയുന്നു. "അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു." അത് നമുക്കിങ്ങനെ വായിക്കാൻ ശ്രമിക്കാം. "എന്റെ അമ്മയെ മഹത്വപ്പെടുത്തുന്ന വൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. തുരുമ്പും കീടങ്ങളും നശിപ്പിക്കാത്ത സ്വർഗത്തിൽ" എന്ന്.

പ്രഭാ : 40/1 പറയുന്നു. "മാതാ വിന്റെ ഉദരത്തിൽ നിന്നു പുറത്തു വന്ന നിമിഷം മുതൽ സർവ്വരുടെയും മാതാവിന്റെ അടുത്തേക്ക് മട ങ്ങുന്നതുവരെ ആദത്തിന്റെ സന്തതി കളുടെ മേൽ ഭാരമുള്ള നുകം വയ്ക്ക പ്പെട്ടിരിക്കുന്നു." ദൈവപുത്രന്റെ അമ്മയല്ലാതെ മറ്റാരാണ് 'സർവ്വരു ടെയും അമ്മ.' നാം ദൈവമക്കളെന്നു വിളിക്കപ്പെടുന്നുവെങ്കിൽ ആ അമ്മ യുടെ മക്കളെന്ന അവകാശവും ദൈവം നമുക്കു നൽകിക്കഴിഞ്ഞു. യഥാർത്ഥത്തിൽ ആ അമ്മയുടെ അടുക്കൽ എത്തിച്ചേർന്നു കഴി ഞ്ഞാൽ നമ്മുടെ എത്ര ഭാരമുള്ള നുകവും തകർക്കപ്പെടുന്നത് നമുക്ക

നുഭവിക്കാൻ ഇടയാകും. കാരണം ഉത്പ. 3/15. ദൈവത്തിന്റെ വാഗ്ദാന മാണ് "സ്ത്രീയുടെ സന്തതി ശത്രുവിന്റെ തല തകർക്കുമെന്നത്."

അമ്മയുടെ ഈ മഹാതിരുനാൾ ആഘോഷിച്ചുകൊണ്ട് നാം പ്രവേശിക്കുന്നത് ക്രിസ്തുമസ് ആഘോഷത്തിലേക്കാണ്. ഉണ്ണീശോയുടെ ജനനതിരുനാൾ നമ്മുടെ മനസ്സിൽ തെളിയിക്കുന്നത് തിരുക്കുടുംബത്തെയാണ്. അതിനാൽ, ഇത്രയും മഹത്വമേറിയ പരിശുദ്ധ കന്യാമറിയത്തെ പരിപാലിക്കാൻ ഉണ്ണീശോയെ വളർത്താൻ ദൈവം തെരഞ്ഞെടുത്ത നീതിമാനും വിശുദ്ധനുമായ യൗസേപ്പിതാവ്. സ്വർഗ്ഗീയ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും ഭൂമിയിലെ സ്ഥാനമാണ് ഈ മഹാവിശുദ്ധനു വഹിക്കേണ്ടിയിരുന്നത്. നിശ്ശബ്ദനായി നാം കാണുന്ന, അദ്ദേഹം സ്വർഗത്തെ മാത്രം കണ്ടുകൊണ്ട് ദൈവസ്വരം മാത്രം ശ്രവിച്ചുകൊണ്ട് ഓരോ നിർദേശവും ദൈവദൂതരാൽ ലഭിച്ചുകൊണ്ട് തിരുക്കുടുംബത്തെ പരിപാലിച്ചവൻ.

ഓരോ അപ്പനും അമ്മയും ചിന്തിക്കട്ടെ. നമ്മുടെ ഇഷ്ടങ്ങളെ ദൈവത്തിനു സമർപ്പിച്ച്, ദൈവത്തിന്റെ ഇഷ്ടങ്ങളെ നമ്മുടെ ഇഷ്ടങ്ങളാക്കി മാറ്റാനും, അങ്ങിനെ നമ്മുടെ കുടുംബങ്ങൾ ഇത്തവണത്തെ ക്രിസ്മസ് ആഘോഷത്തോടെ ദൈവം ഭരിക്കുന്ന ആലയമാക്കി രാജ്യമാക്കി തീർക്കുന്നതിന് പരിശുദ്ധ അമ്മയുടെയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം. അപ്പോൾ നാം സുരക്ഷിതരായിത്തീരും. ●



# സ്വർണ തിളക്കത്തിൽ അഞ്ജന

എം.ജി. യൂണിവേഴ്സിറ്റി സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 4 സ്വർണ മെഡൽ നേടിയ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ഡിഗ്രി വിദ്യാർഥിയായ **അഞ്ജന റോസ് മേരി ജോസി.** തിരുവനന്തപുരം വെലോഡ്രോമിൽ വച്ച് നടത്തിയ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 2000 മീറ്ററിൽ വെള്ളി മെഡലും, 500 മീറ്ററിൽ വ്യക്തിഗത മത്സരത്തിൽ വെങ്കല മെഡലും ഖേലോ ഇൻഡ്യ സൗത്ത് സോൺ വിമൻസ് ലീഗിൽ 18 വയസ്സിന് താഴെയുള്ളവരുടെ ഇനത്തിൽ വെങ്കലവും, ഈ മിടുക്കി കരസ്ഥമാക്കി.

പഞ്ചാബിൽ വച്ച് നടക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിലേക്ക് സെലക്ഷനും 2023 നവംബർ 30 മുതൽ ഡിസംബർ 5 വരെ ജാർഖണ്ഡിലെ റാഞ്ചിയിൽ നടക്കുന്ന നാഷണൽ ട്രാക്ക് സൈക്ലിംഗിനും **അഞ്ജന** തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സെന്റ് സെബാസ്റ്റ്യൻ ഫാമിലി യൂണിറ്റ് അംഗമായ പാലപ്പറമ്പ് ജോസിയുടെയും ജെയ്നി ജോസിയുടെയും മകളാണ്.

**ഇടവകയുടെ അഭിനന്ദനങ്ങൾ...!**

# പരിശുദ്ധ അമലോത്ഭവമാതാവിന്റെ ദർശന തിരുനാൾ
# 2023 ഡിസംബർ 2 മുതൽ 15 വരെ

**2023 നവംബർ 20, 21, 22**

**(തിങ്കൾ, ചൊവ്വ, ബുധൻ)** തീയതികളിൽ **ഇടവകധ്യാനം**

വൈകീട്ട് 5.30 ന് : ദിവ്യബലി, വചനപ്രഘോഷണം, ആരാധന

നയിക്കുന്നത് :

**റവ. ഫാ. വിപിൻ ചൂതംപറമ്പിൽ**

(നവജീവൻ റിട്രീറ്റ് സെന്റർ, തോട്ടുവ)

## നവനാൾ ദിനങ്ങൾ

**2023 നവംബർ 23 വ്യാഴം മുതൽ ഡിസംബർ 1 വെള്ളി വരെ**

രാവിലെ 6.00 ന് : **ദിവ്യബലി**

വൈകീട്ട് 5.30 ന് : **ദിവ്യബലി, പ്രസംഗം, നൊവേന, തിരിപ്രദക്ഷിണം ദിവ്യകാരുണ്യ ആശീർവാദം**

**2023 നവംബർ 26 ഞായർ (രാവിലെ 6.00 നും, 7.30നും, 9.00 നും ദിവ്യബലി)**

## തിരുനാൾ ദിനങ്ങൾ

**മതബോധന ദിനം – ശനി 02 ഡിസംബർ 2023**

രാവിലെ 6.00 ന് : **ദിവ്യബലി**

വൈകീട്ട് 5.30ന് : **കൊടികയറ്റം, ദിവ്യബലി**

മുഖ്യകാർമ്മികൻ : **വെരി റവ. ഫാ. സക്കറിയാസ് പാവനത്തറ**
(ഫൊറോന വികാരി, കളമശ്ശേരി)

പ്രസംഗം : **റവ. ഫാ. റീഗൺ പൊടുത്താസ് ഒ.സി.ഡി.**
(ജ്യോതിർ ഭവൻ, കളമശ്ശേരി)

കാഴ്ചസമർപ്പണം : **മതബോധന വിഭാഗം**

രാത്രി 7.30ന് കൊച്ചിൻ കലാവേദി നയിക്കുന്ന **മെഗാഷോ, FIESTA 2k23**

**പ്രേഷിതദിനം – ഞായർ 03 ഡിസംബർ 2023**
**വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ**

രാവിലെ 6.00, 7.30, 9.00 : **ദിവ്യബലി**

വൈകീട്ട് 6.00ന് : **ദിവ്യബലി**

മുഖ്യകാർമ്മികൻ : **റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**
(സുപ്പീരിയർ, ഹോളിഫാമിലി മോണാസ്ട്രി, എറണാകുളം)

പ്രസംഗം : **റവ. ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി.**
(ഡയറക്ടർ, സി.ആർ.സി. ധ്യാനകേന്ദ്രം, മഞ്ഞുമ്മൽ)
**പ്രദക്ഷിണം** കുരിശുപള്ളിവരെ, ലദീഞ്ഞ

കാഴ്ചസമർപ്പണം : **അൾത്താര ശുശ്രൂഷകർ, ദർശനസമൂഹം, ഭക്തസംഘടനകൾ**



## ഇടവകദിനം – തിങ്കൾ 04 ഡിസംബർ 2023

രാവിലെ 6.00 ന് : **ദിവ്യബലി**
വൈകീട്ട് 6.00ന് : **ദിവ്യബലി**
മുഖ്യകാർമ്മികൻ : **റവ. ഫാ. ബോസ്കോ കൊറയ ഒ.സി.ഡി.**
(സേക്രട്ട് ഹാർട്ട് ഫിലോസഫി കോളേജ്, ആലുവ)
പ്രസംഗം : **റവ. ഫാ. ആൻസൻ ജോ കളത്തിപ്പറമ്പിൽ ഒ.സി.ഡി.**
(കാർമൽ ആശ്രമം, മറുവക്കാട്)
സഹകാർമ്മികർ : **ഇടവകയിലെ വൈദികർ**
കാഴ്ചസമർപ്പണം : **കുടുംബയൂണിറ്റ് ഭാരവാഹികൾ**
**ലത്തോറന്മാരുടെ വാഴ്ച, ലദീഞ്ഞ**

## യുവജനദിനം – ചൊവ്വ 05 ഡിസംബർ 2023

രാവിലെ 6.00 ന് : **ദിവ്യബലി**
രാവിലെ 7.00 ന് : **പ്രസുദേന്തി തിരഞ്ഞെടുപ്പ്**
വൈകീട്ട് 6.00ന് : **ദിവ്യബലി**
മുഖ്യകാർമ്മികൻ : **വെരി റവ. ഫാ. എബിജിൻ അറക്കൽ**
(ചാൻസലർ, വരാപ്പുഴ അതിരൂപത)
പ്രസംഗം : **വെരി റവ. ഫാ. സോജൻ മാളിയേക്കൽ**
(ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ, വരാപ്പുഴ അതിരൂപത)
കാഴ്ചസമർപ്പണം : **യുവജനങ്ങൾ**
**ലദീഞ്ഞ**

## കുടുംബ ദിനം – ബുധൻ 06 ഡിസംബർ 2023

രാവിലെ 6.00 ന് : **ദിവ്യബലി**
രാവിലെ 9.00 ന് : **വാഹനവെഞ്ചിരിപ്പ്**
വൈകീട്ട് 6.00ന് : **ദിവ്യബലി, പ്രസുദേന്തി വാഴ്ച**
മുഖ്യകാർമ്മികൻ : **വെരി റവ. ഫാ. ജോഷി കൊടിയന്തറ ഒ.സി.ഡി.**
(റെക്ടർ, വരാപ്പുഴ ബസിലിക്ക)
പ്രസംഗം : **റവ. ഫാ. ആൽബിൻ ഫ്രാൻസീസ് ഒ.സി.ഡി.**
(ഡയറക്ടർ, സാൻജൂവാൻ ഭവൻ, ഉണിച്ചിറ)
കാഴ്ചസമർപ്പണം : **ദമ്പതിമാർ**
**ലദീഞ്ഞ**



**2023 ഡിസംബർ 07 വ്യാഴം**

## കർമലീത്താ ദിനം

| | |
|---|---|
| രാവിലെ 6.00 ന് | : ദിവ്യബലി |
| ഉച്ചയ്ക്ക് 2.30ന് | : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം പള്ളിയിറക്കം തുടർന്ന്, സാരിമാല ചാർത്തൽ |
| വൈകീട്ട് 5.00 ന് | : ബഹു. പ്രൊവിൻഷ്യാളച്ചന് സ്വീകരണം |
| വൈകീട്ട് 5.30 ന് | : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എഴുന്നള്ളിക്കൽ, ദിവ്യബലി |
| മുഖ്യകാർമികൻ | : വെരി റവ. ഫാ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി. (പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രൊവിൻസ്) |
| പ്രസംഗം | : റവ. ഫാ. വിൽസൻ സ്രാമ്പിക്കൽ ഒ.സി.ഡി. (സുപ്പീരിയർ, സേക്രഡ് ഹാർട്ട് ഫിലോസഫി കോളേജ്, ആലുവ) |
| കാഴ്ചസമർപ്പണം | : അല്മായ കർമലീത്താസഭ, ഇടവകയിലെ വൈദികരുടെയും സന്യസ്തരുടെയും കുടുംബാംഗങ്ങൾ |

**ആഘോഷമായ പട്ടണപ്രദക്ഷിണം**
(തെക്കുഭാഗത്തേക്ക്)

വർണകാഴ്ച

**2023 ഡിസംബർ 08 വെള്ളി**

## തിരുനാൾ ദിനം

| | |
|---|---|
| രാവിലെ 6.00 ന് | : ദിവ്യബലി<br>റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി. (സഹവികാരി) |
| രാവിലെ 9.30 ന് | : ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി |
| മുഖ്യകാർമികൻ | : മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ (വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത) |
| പ്രസംഗം | : റവ. ഫാ. യേശുദാസ് പഴമ്പിള്ളി (ബി.സി.സി. ഡയറക്ടർ, വരാപ്പുഴ അതിരൂപത) |
| കാഴ്ചസമർപ്പണം | : പ്രസുദേന്തിയും കുടുംബാംഗങ്ങളും |

പ്രദക്ഷിണം (കുരിശുപള്ളി വരെ)

രാവിലെ 11.30ന് : **ദിവ്യബലി**, ഉച്ചയ്ക്ക് 2.30 ന് : **ദിവ്യബലി**
വൈകീട്ട് 4.00 ന് : **ദിവ്യബലി**, വൈകീട്ട് 5.30 ന് : **ദിവ്യബലി** (ഇംഗ്ലീഷ)
മുഖ്യകാർമികൻ : **റവ. ഫാ. ബ്രിഗേൽ വിക്ടർ ഒ.സി.ഡി.** (ഹോളി ഫാമിലി മൊണാസ്ട്രി, എറണാകുളം)

ഡിസംബർ 09 മുതൽ 14 വരെ രാവിലെ 6.00 ന് : **ദിവ്യബലി** വൈകീട്ട് 5.30 ന് : **ദിവ്യബലി, പ്രസംഗം**

**2023 ഡിസംബർ 15ന്**

## എട്ടാമിടം



# Baptism

## ഏദൽ ഷെബിൻ

D/o ഷെബിൻ ആൻഡ്രൂസ് &
മരിയ ഡിറ്റാൾഡിയ
മങ്കുഴി (H)

**15/10/2023**





# Baptism

## Devassi Yacob

**S/o John Joseph &
Carmel Anchala**

**Kunjeli Parambil (H)
Moothukunnam**

**01/10/2023**





Congratulations

**Wedding**

24/09/2023

**Tiss**

♥

**Anu**

Congratulations

**Wedding**

29/10/2023

**Mobin Poduthas**

♥

**Ann Mary Rimna Pauline Livero**





*Congratulations*

**Wedding**

**26.10.2023**

**Varun Johnson**

♥

**Dr. Anusha**



*1st wedding anniversary*

**Placid**

♥

**Treesa**

FREE PRINTABLE INVITATION - DREVIO.COM

# മുട്ടാർ ഫാത്തിമ മാതാ ദേവാലയത്തിൽ പരി. ഫാത്തിമ മാതാവിന്റെയും വി. യൂദാ തദേവൂസിന്റെയും തിരുനാൾ ആഘോഷിച്ചു.





മുട്ടാർ പരി. ഫാത്തിമ മാതാ ദേവാലയത്തിലെ 2023 വർഷത്തെ തിരുനാൾ ഒക്ടോബർ 13, 14, 15 തീയതികളിൽ ആഘോഷിച്ചു. വരാപ്പുഴ ഇ.എസ്.എസ്. ന്റെ കീഴിലുള്ള ഹരിത സ്വയം സഹായസംഘത്തിന്റെ നേതൃത്വത്തിൽ 578 പ്രസുദേന്തിമാരാണ് തിരുനാളിന് നേതൃത്വം നൽകിയത്. തിരുനാളിന് ഒരുക്കമായുള്ള ജപമാല സമർപ്പണം ഒക്ടോബർ 1-ാം തീയതി മതബോധന വിഭാഗവും യൂത്ത് വിങ്ങും ചേർന്ന് ആരംഭിച്ചു. 12 ദിവസത്തെ ജപമാലയ്ക്ക് ശേഷം 13-ാം തീയതി വൈകീട്ട് 5.30ന് പ്രീസ്റ്റ് ഇൻ ചാർജ്ജ് ഫാ. ജോൺസൻ മുടവശ്ശേരി OCDയുടെയും സഹവികാരി ഫാ. ഡാനി ആന്റണി OCD യുടെയും സാന്നിദ്ധ്യത്തിൽ ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD തിരുനാൾ പതാക ഉയർത്തിയതോടുകൂടി 2023-ലെ



പരി. ഫാത്തിമ മാതാവിന്റെയും വി. യൂദാതദേവൂസിന്റെയും തിരുനാളിന് തുടക്കം കുറിച്ചു. അന്നേ ദിവസം മതബോധന ദിനമായി ആഘോഷിച്ചു.

14-ാം തീയതി കുടുംബദിനത്തിലെ തിരുക്കർമങ്ങൾക്ക് കുടുംബ യൂണിറ്റുകൾ നേതൃത്വം നൽകി. തുടർന്ന് നടന്ന പ്രദക്ഷിണത്തിൽ പ്രതികൂലകാലാവസ്ഥയെ വകവയ്ക്കാതെ തന്നെ വിശ്വാസികൾ പങ്കെടുത്തു. നേർച്ച സദ്യ ഉണ്ടായിരുന്നു.

15-ാം തീയതി ഞായറാഴ്ച തിരുനാൾ ദിനം രാവിലെ 9.30ന് ആഘോഷമായ ദിവ്യബലിക്ക് വെരി റവ. മോൺ. മാത്യു ഇലഞ്ഞിമറ്റം മുഖ്യകാർമികനായിരുന്നു. റവ. ഫാ. ആൽബിൻ ഫ്രാൻസിസ് ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. തുടർന്ന് മുട്ടാർപാലം വരെ പ്രദക്ഷിണം ഉണ്ടായിരുന്നു. എല്ലാ തിരുക്കർമ്മങ്ങൾക്കും ബഹുമാനപ്പെട്ട വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. യും, സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി.യും, പ്രീസ്റ്റ് ഇൻ ചാർജ്ജ് ഫാ. ജോൺസൺ മുടവശ്ശേരി ഒ.സി.ഡി.യും നേതൃത്വം നൽകി.

15-ന് വൈകീട്ട് 6.30ന് ബഹുമാനപ്പെട്ട വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. കൊടിയിറക്കി. തുടർന്ന്, നടന്ന കലാസന്ധ്യയും പൊതുയോഗവും ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. ഉത്ഘാടനം ചെയ്തു. ഫാ. ജോൺസൺ മുടവശ്ശേരി ഒ.സി.ഡി. അദ്ധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. സെൻട്രൽ കമ്മിറ്റി ലീഡർ വർഗ്ഗീസ് പുളിക്കൽ, സെൻട്രൽ കമ്മിറ്റി സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ ഫാത്തിമ മാതാ ചർച്ച് പ്രവർത്തക സമിതി ലീഡർ ജോജോ മൂഞ്ഞപ്പിള്ളി, തിരുനാൾ കമ്മിറ്റി കൺവീനർ ജെസ്സി ജോസഫ്, പ്രോഗ്രാം കൺവീനർ ശ്രീ. ബിജു എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ നടന്ന കലാസന്ധ്യയിൽ ഗാനമേളയും നാടകവും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. 11 മണിയോടെ കലാസന്ധ്യയ്ക്ക് തിരശ്ശീല വീണു. 2023-ലെ പരിശുദ്ധ ഫാത്തിമ മാതാവിന്റെയും വി. യൂദാ തദേവൂസിന്റെയും തിരുനാൾ മഹോത്സവം പരിസമാപിച്ചു.

"സ്വർഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു :
സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടി
യിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള
കിരീടം" (വെളിപാട് 12:1).

## അമലോത്ഭവ മാതാ ഇടവക അമല കാരുണ്യ സഹായനിധി
### 2018 – 2023 വരവ് ചിലവ് കണക്കുകൾ

| വരവ് | Rs. | ചിലവ് | Rs. |
|---|---|---|---|
| 2018 ജനുവരി 2019 മാർച്ച് കുടുംബ യൂണിറ്റ് വിഹിതം | 793156.00 | 2018 ജനുവരി 2019 മാർച്ച് വരെ ചികിത്സാസഹായം | 474500.00 |
| 2019 ഡിസംബർ മാതാവിന്റെ തിരുനാൾ സാരിമാലയിൽ നിന്നും കേന്ദ്രസമിതി വിഹിതം | 100000.00 | സ്റ്റേഷനറി 2018 ജനുവരി - 2019 മാർച്ച് | 10466.00 |
| ബാങ്ക് പലിശ (2018 - 2019) | 18331.00 | 2019 ഏപ്രിൽ-2020 മാർച്ച് ചികിത്സാ സഹായം | 562000.00 |
| 2019 ഏപ്രിൽ - 2022 മാർച്ച് കുടുംബ യൂണിറ്റ് വിഹിതം | 458620.00 | 2020 ഏപ്രിൽ - 2023 ജൂൺ ചികിത്സാ സഹായം | 585600.00 |
| 2020 ഡിസംബർ മാതാവിന്റെ തിരുനാൾ സാരിമാലയിൽ നിന്നും കേന്ദ്രസമിതി വിഹിതം | 100000.00 | | |
| 2018 കാർമ്മൽ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മാതാവിന്റെ തിരുനാൾ കമ്മിറ്റി നൽകിയ സംഭാവന | 73300.00 | | |
| ബാങ്ക് പലിശ (2019-2020) | 24532.00 | | |
| 2020 ഏപ്രിൽ - 2023 ജൂൺ കുടുംബയൂണിറ്റ് വിഹിതം | 201468.00 | **ആകെ ചിലവ്** | **1632566.00** |
| പലിശ (2020-2023) | 40815.00 | **ആകെ വരവ്** | **1810222.00** |
| **ആകെ വരവ്** | **1810222.00** | **നീക്കിയിരിപ്പ്** E 103 **സൊസൈറ്റി** | **177656.00** |

## അൽമായ പ്രതിനിധി സംഗമം

2023 ഒക്ടോബർ 8-ന് എറണാകുളം പാപ്പാളി ഹാളിൽ വച്ച് നടത്തിയ അൽമായ പ്രതിനിധി സംഗമത്തിൽ നമ്മുടെ ഇടവകയിൽ നിന്നുള്ള അൽമായ ശുശ്രൂഷ കോ-ഓർഡിനേറ്റർമാർ പങ്കെടുത്തു.

## കുടുംബയോഗങ്ങൾ

2023 നവംബർ മാസം 20-ാം തീയതിക്കു മുമ്പും ഡിസംബർ 15-ാം തീയതിക്കുശേഷവും കുടുംബയോഗങ്ങളും ക്രിസ്തുമസ് ആഘോഷവും എല്ലാ കുടുംബ യൂണിറ്റുകളും നടത്തേണ്ടതാണ്.

## സ്വീകരണം നൽകി



29-10-2023 ഞായർ വൈകിട്ട് 5.30-ന് കർമലീത്ത സഭ ഓസ്ട്രിയൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ സുപ്പീരിയർ ഫാ.പോൾ സജി ബാവക്കാട്ട് ഒ.സി.ഡി.ക്ക് മഞ്ഞുമ്മൽ ഇടവകയിൽ സ്വീകരണം നൽകുകയും തുടർന്ന് പ്രൊവിൻഷ്യാൾ ദിവ്യബലിക്ക് മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു.

കർമലീത്ത സഭ ഓസ്ട്രിയൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ സുപ്പീരിയർ **ഫാ. പോൾ സജി ബാവക്കാട്ട് ഒ. സി. ഡി.** ക്ക് മഞ്ഞുമ്മൽ ഇടവകയിൽ സ്വീകരണം നൽകിയപ്പോൾ.

## ജപമാല മാസാചരണ സമാപനം



ഒക്ടോബർ 1 മുതൽ 10 വരെ ഫാത്തിമ മാതാ ദൈവാലയത്തിലും ഒക്ടോബർ 11 മുതൽ 20 വരെ JNM ദേവാലയത്തിലും ഒക്ടോബർ 22 മുതൽ 31 വരെ ഇടവക ദേവാലയത്തിലും ആഘോഷമായ ദിവ്യബലിയും ജപമാലയും അർപ്പിച്ചു. ദിവ്യബലിക്കും ജപമാലക്കും നേതൃത്വം നൽകിയത് 9 ബ്ലോക്കുകളുടെ കീഴിൽ വരുന്ന കുടുംബ യൂണിറ്റുകളാണ്. ഒക്ടോബർ 31-ന് ദിവ്യബലിക്കും ജപമാലക്കും കാർമൽ യൂത്ത് നേതൃത്വം നൽകി.

### നവംബർ 2 ആചരിച്ചു

സകല മരിച്ചവിശ്വാസികളുടെ ദിനമായ നവംബർ 2 ന് വൈകീട്ട് 5.30ന് ഇടവക സെമിത്തേരിയിൽ ദിവ്യബലിയും മരിച്ചവരുടെ കുഴിമാടങ്ങളിൽ പ്രത്യേക പ്രാർത്ഥനയും നടത്തി. അസി. വികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി. മുഖ്യകാർമികനായിരുന്നു. ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. വചനപ്രഘോഷണം നടത്തി, ആശ്രമത്തിലെ മറ്റു വൈദികർ സഹകാർമികരായിരുന്നു.

## മിഷൻ ഞായർ ആചരണം





ആഗോള മിഷൻ ഞായർ ആചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകയിലും നവംബർ 5ന് മിഷൻ ഞായർ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ കുടുംബയൂണിറ്റുകളും ഭക്തസംഘടനകളും വിൻസെന്റ് ഡി പോൾ യൂണിറ്റും മതബോധനയൂണിറ്റും കാർമൽ യൂത്തും വിവിധ സ്റ്റാളുകളും മത്സര പരിപാടികളും ലക്കി കൂപ്പണും മിഷൻ ഫണ്ട് സമാഹരണത്തിന് ഒരുക്കിയിരുന്നു. രാവിലെ 6-നുള്ള ദിവ്യബലിക്ക് ശേഷം വിവിധ വസ്തുക്കളുടെ ലേലവും നടന്നു.



**മിഷൻ ഞായർ കമ്മിറ്റി**

കൺവീനർ - കെ.പി. ആന്റണി, കോയ്മക്കാട്

സെക്രട്ടറി - സോഫി സിറിൾ, വയലിത്തറ

ട്രഷറർ - സാന്റിൻ ആന്റണി, പുതുമാടശ്ശേരി

**കമ്മിറ്റി അംഗങ്ങൾ**

ഫിലോമിന ഹെൻട്രി, ബ്യൂല നിക്സൻ, ഫിലോമിന ജോഷി, ഹെൻട്രി സിമേന്തി, ബോർജിയ, ജോൺസൻ ഉഴുന്നുംകാട്ടിൽ, ആന്റണി കുരിശിങ്കൽ, ജോസി പുനത്തിൽ, ജോജോ മൂഞ്ഞപ്പിള്ളി, പീറ്റർ കണ്ണാംപറമ്പിൽ, നോർബിൻ റിബേര, മിനി അടിമുറി, ജിമ്മി സ്റ്റാൻലി

കേന്ദ്രസമിതി ലീഡർ വർഗ്ഗീസ് പുളിക്കലും മിഷൻ ഞായർ കമ്മിറ്റി കൺവീനർ ആന്റണി കോയ്മക്കാടും സെൻട്രൽ കമ്മിറ്റി ഭാരവാഹികളും ബ്ലോക്ക് കുടുംബ യൂണിറ്റ് ഭാരവാഹികളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി.






## പന്തൽ കാൽനാട്ടു കർമം നടത്തി



അമലോത്ഭവ മാതാ തിരുനാളിന്റെ ഭാഗമായി വട്ടക്കല്ലേൽ സ്ഥാപിക്കുന്ന പന്തലിന്റെ കാൽനാട്ടു കർമ്മം ബഹു. വികാരി സ്റ്റീജൻ അച്ചന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. എല്ലാ കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

# "CHRISTMAS EVE" 2023
## ക്രിസ്തുമസ് ഈവ് 2023

2023 ഡിസംബർ 24 രാത്രി 8ന് 'ക്രിസ്തുമസ് ഈവ് 2023' ഇടവക ദൈവാലയത്തിൽ വച്ച് നടത്തുന്നു. ബ്ലോക്കടിസ്ഥാനത്തിൽ ക്രിസ്തുമസ് കരോൾ ഗാനമത്സരവും ഡാൻസ് മത്സരവും യൂണിറ്റ് അടിസ്ഥാനത്തിൽ ക്രിസ്തുമസ് ട്രീ മത്സരവും സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| ഒന്നാം സമ്മാനം | – | 10001 |
| രണ്ടാം സമ്മാനം | – | 5001 |
| മൂന്നാം സമ്മാനം | – | 3001 |

### ഗ്രൂപ്പ് ഡാൻസ് മത്സര നിബന്ധനകൾ

1. ക്രിസ്തുമസ് ഗാനങ്ങൾ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്
2. ഒരു ടീമിൽ കുറഞ്ഞത് 10 പേരും പരമാവധി 20 പേരും ആകാവുന്നതാണ്.
3. മലയാളം, ഇംഗ്ലീഷ്, ലാറ്റിൻ എന്നീ ഭാഷകളിലെ ഗാനങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ് (ഫ്യൂഷൻ ഗാനങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ് )
4. സമയപരിധി 7 മിനിറ്റ് ആയിരിക്കും
5. ഗാനങ്ങൾ പെൻഡ്രൈവിൽ കൊണ്ടുവരേണ്ടതാണ്.
6. ഡാൻസിന് അനുയോജ്യമായ കോസ്റ്റ്യൂം ഉപയോഗിക്കാവുന്നതാണ്.
7. മത്സര സമയത്ത് വൈദ്യുതി തകരാർ മൂലമോ സംഘാടകരുടെ ഭാഗത്തുനിന്ന് മറ്റ് തടസ്സമോ ഉണ്ടായാൽ പുനരവതരണത്തിന് അവസരം ലഭിക്കുന്നതാണ്.
8. മത്സരങ്ങൾ 24-12-23 രാത്രി 8 ന് ആരംഭിക്കുന്നതാണ്.
9. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

(ടീം ക്യാപ്റ്റൻ വൈകീട്ട് 6 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.)

### ക്രിസ്തുമസ് കരോൾ ഗാന മത്സര നിബന്ധനകൾ

1. ക്രിസ്തുമസ് ഗാനങ്ങൾ ആയിരിക്കണം ആലപിക്കേണ്ടത്
2. പരമ്പരാഗതമോ ആധുനികമോ ആയ ക്രിസ്തുമസ് ഗാനങ്ങൾ ആലപിക്കാവുന്നതാണ്.
3. മലയാളം, ഇംഗ്ലീഷ്, ലാറ്റിൻ എന്നീ ഭാഷകളിലെ ഗാനങ്ങൾ ആലപിക്കാവുന്നതാണ് (ഫ്യൂഷൻ ഗാനം ആലപിക്കാവുന്നതാണ്)

4. ഗാനം 7 മിനിറ്റിൽ കൂടാൻ പാടില്ല
5. കരോക്കെ മാത്രമേ ഉപയോഗിക്കാവൂ. ഇൻസ്ട്രുമെന്റ്സ് ഉപയോഗിക്കാൻ പാടില്ലാത്തതാണ്
6. ഒരു ടീമിൽ കുറഞ്ഞത് 10 പേരും എന്നാൽ 20 പേരിൽ കവിയാൻ പാടില്ലാത്തതും ആണ്
7. എട്ടു മൈക്രോഫോൺ സ്റ്റേജിൽ നൽകുന്നതാണ്. അവതരണത്തിനു മുമ്പായി ടീം അംഗങ്ങൾ മൈക്ക് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.
8. മത്സര സമയത്ത് വൈദ്യുതി തകരാർ മൂലമോ സംഘാടകരുടെ ഭാഗത്തുനിന്ന് മറ്റ് തടസ്സമോ ഉണ്ടായാൽ പുനരവതരണത്തിന് അവസരം ലഭിക്കുന്നതാണ്.
9. മത്സരങ്ങൾ 24-12-23 രാത്രി 8 ന് ആരംഭിക്കുന്നതാണ്.
10. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
    (ടീം ക്യാപ്റ്റൻ വൈകീട്ട് 6 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.)

## ക്രിസ്തുമസ്സ് ട്രീ മത്സരം

ഇടവകയിലെ 52 കുടുംബയൂണിറ്റുകളുടെയും ക്രിസ്തുമസ് ട്രീ മത്സരം 24-12-2023 ന് സംഘടിപ്പിക്കുന്നു. ഫാത്തിമ മാതാ ദേവാലയത്തിലെ 10 കുടുംബ യൂണിറ്റുകൾ ഫാത്തിമ മാതാ ദേവാലയത്തിലും ബാക്കി 42 കുടുംബ യൂണിറ്റുകൾ ഇടവക ദേവാലയത്തിലുമാണ് ക്രിസ്തുമസ് ട്രീകൾ ഒരുക്കേണ്ടത്. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. മരക്കൊമ്പുകൾ ഒറിജിനൽ ആയിരിക്കണം.
2. ക്രിസ്തുമസ് ട്രീയുടെ ഉയരം 5 അടിയിൽ കുറയാൻ പാടില്ല എന്നാൽ 6 അടിയിൽ കൂടാനും പാടില്ല.
3. ക്രിസ്തുമസ് ട്രീയിൽ ഒരു നക്ഷത്രം ഉണ്ടായിരിക്കണം.
4. സീരിയൽ സെറ്റ്, ലൈറ്റ്, കോട്ടൺ, ഗിൽറ്റ് പേപ്പർ തുടങ്ങിയവ കൊണ്ട് ട്രീ അലങ്കരിക്കാവുന്നതാണ്.
5. ഡിസംബർ 24 വൈകിട്ട് 6-ന് മുമ്പായി ഓരോ കുടുംബയൂണിറ്റും ക്രിസ്തുമസ് ട്രീ സ്ഥാപിക്കേണ്ടതാണ്.
6. 42 കുടുംബയൂണിറ്റുകൾ ഇടവക ദേവാലയത്തിലും ഫാത്തിമ മാതാ ദേവാലയത്തിൽ വരുന്ന 10 കുടുംബ യൂണിറ്റുകൾ ഫാത്തിമ മാതാ ദേവാലയത്തിലും ക്രിസ്തുമസ് ട്രീ സ്ഥാപിക്കേണ്ടതാണ്.
7. വിധികർത്താക്കൾ വൈകീട്ട് 6.30 നും 8.00 നും ഇടയ്ക്ക് ക്രിസ്തുമസ്സ് ട്രീകൾ പരിശോധിച്ച് മാർക്ക് ഇടുന്നതാണ്.
8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും

## മതബോധന വാർത്തകൾ

## സ്നേഹകൂടാരം

ഫാത്തിമ മാതാ ദേവാലയത്തിലെ 2023-24 മതബോധന വാർഷികം 'സ്നേഹകൂടാരം' ഒക്ടോബർ 13 വെള്ളിയാഴ്ച 8 മണിക്ക് ആരംഭിച്ചു. ഫാത്തിമ ദേവാലയം പ്രീസ്റ്റ് ഇൻ-ചാർജ്ജ് ഫാ. ജോൺസൺ മുടവശ്ശേരി ഒ.സി.ഡി. സ്വാഗതം ആശംസിച്ചു. ബഹു വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. യുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട വരാപ്പുഴ അതിരൂപത മതബോധന ഡയറക്ർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ മതബോധന വാർഷികത്തിന്റെ ഉത്ഘാടനം നിർവഹിച്ചു. മതബോധന റിപ്പോർട്ട് സെക്രട്ടറി ശ്രീമതി. ലിസ്സി തോമസും, പി.റ്റി.എ റിപ്പോർട്ട് ശ്രീമതി ഷിമ്മി സോഫിയയും (പി.റ്റി.എ. അസി. ലീഡർ) വായിച്ചു. റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി., അതിരൂപത പ്രൊമോട്ടർ ജോസ് ഡിക്സൺ, ആന്റണി രാജു (ഹെഡ്മാസ്റ്റർ, IC ചർച്ച് മഞ്ഞുമ്മൽ), വർഗീസ് പുളിക്കൽ (സെൻട്രൽ കമ്മിറ്റി ലീഡർ), ജോജോ മൂഞ്ഞപ്പിള്ളി (ഫാത്തിമ മാതാ പ്രവർത്തക സമിതി ലീഡർ), ശ്രീ. അജിത് കെ. ജോസഫ് (പി ടി എ ലീഡർ) എന്നിവർ ആശംസകൾ അർപ്പിച്ചു. കുമാരി എമിൻ ആന്റണി (മതബോധന ക്ലാസ്സ് അസി. ലീഡർ) നന്ദി പറഞ്ഞു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

## സന്ദർശനം നടത്തി

14.10.2023 ശനിയാഴ്ച്ച മഞ്ഞുമ്മൽ മതബോധന വിഭാഗത്തിലെ പതിമൂന്നാം ക്ലാസ്സിലെ 20-ഓളം വിദ്യാർഥികൾ അദ്ധ്യാപകനായ അഖിൽ ക്രിസ്റ്റഫറുടെ നേതൃത്വത്തിൽ ചേരാനല്ലൂർ സാന്റാ മരിയ കോൺവെന്റിൽ സന്ദർശനം നടത്തി. കുട്ടികൾ വിവിധ തരം കലാപരിപാടികൾ നടത്തുകയും, അവർ ശേഖരിച്ച സ്നേഹ ഉപഹാരങ്ങളും സാമ്പത്തിക സഹായവും നൽകുകയും ചെയ്തു.

## ബൈബിൾ expo "biblia2023"





സെപ്റ്റംബർ മാസം 3-ാം തീയതി ഫാത്തിമ മാതാ മതബോധന വിഭാഗം നടത്തിയ ബൈബിൾ expo "biblia2023 '



# അഭിനന്ദനങ്ങൾ

നവദർശൻ GK 2023, അതിരൂപതാ തലത്തിൽ ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ **ഇവാന മരിയ ജോൺ** St. Antony family unit അംഗം ജോൺ ഹ്യൂബർട്ടിന്റെയും ഷിബിയുടെയും മകളാണ്. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക യുടെ അഭിനന്ദനങ്ങൾ!

## യുവജന വാർത്തകൾ

ജപമാല മാസാചരണത്തോടനുബന്ധിച്ച് ഫാത്തിമ മാതാ ദേവാലയത്തിൽ ആരംഭിച്ച ജപ മാല വണക്കത്തിന്റെ ആദ്യദിനമായ ഒക്ടോബർ 1-ന് മതബോധന യൂണിറ്റുമായി ചേർന്ന് യുവജ നങ്ങൾ ജപമാലയ്ക്കും ദിവ്യബലിയ്ക്കും നേതൃത്വം നൽകി. ഇടവക ദേവാലയത്തിൽ ജപ മാല മാസാചരണത്തിന്റെ അവസാന ദിനമായ ഒക്ടോബർ 31-ന് ദിവ്യബലിക്കും ജപമാലയ്ക്കും പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വഹിച്ചുള്ള പ്രദക്ഷിണത്തിനും യുവജനങ്ങളാണ് നേതൃത്വം നൽകിയത്. ദേവാലയത്തിലെ പരിശുദ്ധ അമ്മ യുടെ തിരുസ്വരൂപം വർണാഭമായി അലങ്കരി ച്ചതും നേർച്ച നൽകിയതും യുവജനങ്ങൾ ആയി രുന്നു.







## നവാതിഥികൾ

1) **എയ്ഞ്ചൽ ആന്റണി**
   D/o പാലക്കത്തറ ആന്റണി ബിനിൽ & റഫീന സി.ജെ.
2) **എദ്‌സ്രിൻ മാനുവൽ**
   D/o കുരിശിങ്കൽ മാനുവൽ & ഷാലറ്റ് ആന്റണി
3) **ഡാൽബിൻ അഗസ്റ്റിൻ**
   S/o വാഴയിൽ വെമ്പിള്ളി എബിൻ അഗസ്റ്റിൻ & ഡയാന എബിൻ
4) **യാക്കോബ് ദേവസ്സി**
   S/o കുഞ്ഞേലിപ്പറമ്പിൽ ജോൺ ജോസഫ് & കാർമൽ ജോൺ
5) **എഡ്വിൻ ജിജോ**
   S/o കാനപ്പിള്ളി ജിജോ കുഞ്ഞുമോൻ ടെറെൻസ് & ജിഷ ജിജോ
6) **ഏദൽ ഷെബിൻ**
   D/o മങ്കുഴി ഷെബിൻ ആൻഡ്രൂസ് & മരിയ ഡിറ്റാൾഡിയ
7) **എസെക്കിയേൽ അഖിൽ**
   S/o കോയ്മക്കാട് അഖിൽ ജെയിംസ് & സൂസൻ രാജു

## ഒന്നായവർ

11) മഠത്തിപ്പറമ്പിൽ **ടിസ്മോൻ ക്ലീറ്റസ്** &
    കൊല്ലംപറമ്പിൽ **അനു അബ്രഹാം**
2) തൊട്ടിപ്പറമ്പിൽ **അലൻ ജോർജ്** &
   **ഹന്ന ഹസീന**
3) കാഞ്ഞൂക്കാരൻ **വരുൺ ജോൺസൺ** &
   ഇടത്തനാൽ **അനുഷ ജോസഫ്**
4) തത്തങ്കേരി **മോബിൻ പൊടുത്താസ്** &
   കളപ്പുരക്കൽ **ആൻമേരി റിംന പോളിൻ ലിവേര**



# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കികൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി (യോഹ 16:6)



**ഫാ. സേവ്യർ തഴുപ്പിൽ ഒ.സി.ഡി.**




**റോസ് ഫെമി ലൂയിസ്**
വലിയപറമ്പിൽ



**ആന്റണി**
ഓടത്തക്കൽ



**ശോശാമ്മ ജോസഫ്**
അറക്കൽ




**എ.ജി. പോൾ**
ആശാരിമാട്ടേൽ

**"അവിടുന്ന് മരണത്തെ എന്നേയ്ക്കുമായി ഗ്രസിക്കും. സകലരുടേയും കണ്ണീർ അവിടുന്ന് തുടച്ചുമാറ്റും. തന്റെ ജനത്തിന്റെ അപമാനം ഭൂമിയിൽ എല്ലായിടത്തും നിന്ന് അവിടുന്ന് നീക്കിക്കളയും. കർത്താവാണ് ഇത് അരുളിച്ചെയ്തിരിക്കുന്നത് (ഏശയ്യ 25:8).**





സ്നേഹസ്മരണയ്ക്ക്

1–ാം ചരമ വാർഷികം

**ഫിലോമിന ജോസഫ്**

**( ബേബി )**

വല്ലപറമ്പിൽ ഹൗസ്

ജനനം 8–10–1943

മരണം 13–11–2022



In loving memory of

**ROSE FEMY LUIZ**

**DOD: 01.10.2023**

**CHRISTINE VILLA**
**VALIYAPARAMBIL HOUSE**

# ST. JOSEPH'S HOSPITAL TRUST

"Action with Love is Service
Serving the community since 1888."

Manjummel P.O, Kochi - 683 501
Ph: 0484 2555344, Mob: 8893247123



## 24 X 7 CATH LAB FACILITY




**Department of Radiology**
**24 X 7 : 1.5T HD MRI & CT, X-RAY**

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

### OUR DEPARTMENTS

- 24 x 7 Emergency Medical services
- Cardiology
- Orthopedics
- Spine surgery
- Plastic Reconstructive Surgery
- Pediatrics & Neonatology
- Internal Medicine / General Medicine
- Dental Services
- Ophthalmology (Cataract Surgery)
- General Surgery
- Medical Gastroenterology
- Endoscopy
- Anesthesiology
- Reflexology
- Radiology
- Psychiatry
- ENT
- Audiometry
- Urology
- Obstetrics and Gynecology
- Laparoscopic Surgery
- Physiotherapy
- Rheumatology
- Pulmonology & Respiratory Medicine
- Nephrology
- Dialysis Unit
- Clinical Psychology
- Dermatology
- Neurology
- Acupuncture & Electropathy
- Diabetes Care Clinic
- 24 x 7 Cath Lab Facility

## Department of Gynecology & Obstetrics

"കരുതലോടെ...
മാതൃത്വത്തിലേക്ക്"...






എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

**24x7 CRITICAL CARE UNIT.**
**WELL EQUIPPED ICU WITH VENTILATOR SERVICE**